പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1508 — 06.03.2018-ലെ മറുപടിക്ക്

## കാട്ടാക്കട കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് പരിസരത്ത് മാലിന്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.ബി. സതീഷ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് പരിസരത്ത് നിന്നും മാലിന്യ ടാങ്ക് നിരന്തരമായി പൊട്ടി ഒലിയ്ക്കുന്നതിന് സ്ഥായിയായ പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | കാട്ടാക്കട കെ.എസ്.ആർ.ടി.സി വാണിജ്യ സമുച്ചയത്തിലെ മലിന ജല ടാങ്കിൽ നിന്നും മലിന ജലം നിറഞ്ഞു കവിഞ്ഞ് ഒഴുകുന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി മലിന ജല ടാങ്കിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രസ്തുത വാണിജ്യ സമുച്ചയത്തിലെ ലൈസൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യ സമുച്ചയത്തിൽ പ്രവർത്തിച്ച് വരുന്ന കടകളിൽ നിന്നും ഖര മാലിന്യങ്ങൾ മലിനജല സംഭരണിയിലേക്ക് ഒഴുക്കിവിടുന്നത് നിർത്തലാക്കുന്നതിന് വേണ്ട കർശന നിർദ്ദേശവും ലൈസൻസികൾക്ക് നൽകിയിട്ടുണ്ട്. മലിനജലം റോഡിലേക്ക് ഒഴുക്കുന്നത് വ്യാപാരസമുച്ചയത്തിലെ ലൈസൻസികളാണ്. ആയതിനാൽ ശാശ്വത പരിഹാരത്തിനായി യൂണിറ്റിൽ Sewage Treatment Plant പണിയുന്നതിനുള്ള ഡിസൈൻ ചെയ്യുന്നതിന് കൺസൽട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് കിട്ടി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് Sewage Treatment Plant പണിയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിരവധി ജനങ്ങൾ ഒത്തുകൂടുന്ന സ്ഥലത്തുണ്ടാകുന്ന പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാകുന്നതിന് നടപടി സ്വീകരിയ്ക്കാമോ? | | |

സെക്ഷൻ ഓഫീസർ